**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1035** **27-07-2021 - ൽ മറുപടിയ്ക്ക്**

**കർഷകർക്ക് ലഭ്യമാകുന്ന ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ജോബ് മൈക്കിൾ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കർഷകർക്കായുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത കാർഷികാനുകൂല്യങ്ങൾ കർഷകന് ലഭ്യമാക്കുന്നതിനുള്ള നിബന്ധനകളും നടപടിക്രമങ്ങളും വിശദമാക്കാമോ; | (എ) | നിലവിൽ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം(എ)യിൽ ചേർത്തിരിക്കുന്നു. കേന്ദ്ര സർക്കാർ അനുശാസിക്കുന്ന ദേശീയ സുസ്ഥിര കാർഷിക മിഷൻ മാർഗ്ഗരേഖയ്ക്ക് അനുസൃതമായാണ് പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കുന്നത്. പദ്ധതികളിൽ എല്ലാം തന്നെ കൃഷി ഓഫീസർ സ്ഥലപരിശോധന നടത്തിയാവും ഗുണഭോക്താവിന്റെ അന്തിമമായ അർഹത നിശ്ചയിക്കുന്നത്. അപേക്ഷാ ഫോറത്തിന്റെ മാതൃക കൃഷി ഭവനിൽ നിന്നും ലഭിക്കും. അപേക്ഷകൾ പൂർണമായും ഓൺലൈൻ ആയി കൃഷി വകുപ്പിന്റെ പോർട്ടലായ aims.kerala.gov.inയിൽ സമർപ്പിക്കാൻ സജ്ജമാക്കുന്ന നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചു വരുന്നു. |
| (ബി) | സംസ്ഥാന സർക്കാർ കൃഷി വകുപ്പ് മുഖേനയും മറ്റ് ഏജൻസികൾ മുഖേനയും കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ, വിശദാംശം നൽകുമോ? | (ബി) | സംസ്ഥാന സർക്കാർ കാർഷിക വികസന കർഷകക്ഷേമ വകുപ്പിലൂടെ കർഷകർക്ക് ആനുകൂല്യങ്ങൾ പ്രധാനമായും വിള പരിപാലനം എന്ന ഘടകത്തിനാണ് നൽകുന്നത്. പ്രധാന വിളകളായ നെല്ല്, പച്ചക്കറി, തെങ്ങ്, കവുങ്ങ്, സുഗന്ധ വ്യഞ്ജന വിളകളായ ഇഞ്ചി, മഞ്ഞൾ, ജാതി, കുരുമുളക്, പ്രാദേശിക പ്രാധാന്യമുള്ള വിളകളായ എള്ള്, നിലക്കടല, കരിമ്പ് എന്നിവയ്ക്കാണ് സംസ്ഥാനാവിഷ്കൃത പദ്ധതികൾക്ക് ആനുകൂല്യങ്ങൾ നൽകുന്നത്. മണ്ണിന്റെ ആരോഗ്യ പരിപാലനവും ഉല്പാദനക്ഷമത ഉയർത്തുന്നതിനും വേണ്ടിയുള്ള ഘടകത്തിനും കർഷകർക്ക് സഹായം നൽകി വരുന്നു. കൃഷി വകുപ്പിന്റെ സംസ്ഥാനതല പദ്ധതികളും സംസ്ഥാന ഹോർട്ടികൾച്ചറൽ മിഷൻ വഴിയും കർഷർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ അനുബന്ധം(ബി)യിൽ ചേർത്തിരിക്കുന്നു. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി നബാർഡ് |

| | | | |
|---|---|---|---|
| | | | ധനസഹായ ആർ.ഐ.ഡി.എഫ് പദ്ധതി, ശുദ്ധജല സംഭരണികളുടെ വൃഷ്ടി പ്രദേശത്തെ മണ്ണ് ജല സംരക്ഷണ പദ്ധതി, മണ്ണിടിച്ചിൽ പ്രദേശങ്ങളുടെ ബലപ്പെടുത്തൽ പദ്ധതി, ജലാശയങ്ങളുടെയും നീരുറവകളുടെയും പുനരുജ്ജീവന പദ്ധതി, സൂക്ഷ്മ നീർത്തട വികസന പദ്ധതി എന്നിവയിലൂടെ 3725 ലക്ഷം രൂപയുടെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്. പ്രസ്തുത പദ്ധതികളിലൂടെ കാർഷിക ഭൂമിയിലും കാർഷികേതര ഭൂമിയിലും മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി കൃഷിയ്ക്കുള്ള അടിസ്ഥാന സൗകര്യ വികസനം, പാരിസ്ഥിതിക പുനരുജ്ജീവനം എന്നിവ ഉറപ്പാക്കുന്നു. കൃഷി ഭൂമിയിൽ വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളിലൂടെ മണ്ണൊലിപ്പ് തടഞ്ഞ്, ഭൂഗർഭ ജലവിതാനം പരിപോഷിപ്പിച്ച്, മണ്ണിന്റെ ഫലഭൂയിഷ്ഠത നിലനിർത്തി കാർഷിക ഉൽപ്പാദനവും ഉൽപ്പാദന ക്ഷമതയും വർദ്ധിപ്പിച്ച് കർഷകരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുവാൻ ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ

| പദ്ധതിയുടെ പേര് | ഘടകം | ധനസഹായം നിരക്ക് | അർഹതാ മാനദണ്ഡം |
|---|---|---|---|
| **നെൽകൃഷി പദ്ധതികൾ** | | | കൃഷി ഭവനിൽ കൈവശ ഭൂമിയുടെയും കൃഷിയുടെയും വിവരങ്ങൾ സഹിതം അപേക്ഷ സമർപ്പിച്ച് കാർഷിക പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതോടെ കൃഷി ഓഫീസർ പരിശോധിച്ച് ആനുകൂല്യം ഓൺലൈൻ വഴി കർഷകന് ലഭിക്കുന്നതാണ് |
| 1) | ഗ്രൂപ്പ് ഫാമിംഗ് | 5500 രൂപ / ഹെക്ടർ | ചെറുകിട നാമമാത്ര കർഷകർ |
| 2) | കരനെൽകൃഷി | 13600 രൂപ /ഹെക്ടർ | ചെറുകിട നാമമാത്ര കർഷകർ |
| 3) | പാടശേഖരങ്ങൾക്കുള്ള പ്രവർത്തന സഹായം | 360 രൂപ /ഹെക്ടർ | പാടശേഖര സമിതികൾക്ക് |
| 4) | ഒരുപൂനിലങ്ങളിൽ ഇരുപ്പൂ കൃഷി | 10000 രൂപ/ ഹെക്ടർ | ചെറുകിട നാമമാത്ര കർഷകർ |
| 5) | സവിശേഷ നെല്ലിനങ്ങളുടെ കൃഷി | 10000 രൂപ / ഹെക്ടർ | ചെറുകിട നാമമാത്ര കർഷകർ |
| 6) | ബ്ലോക്കുതലത്തിൽ അടിസ്ഥാന സൗകര്യ വികസനം | പാടശേഖരങ്ങൾക്ക് പ്രോജക്ട് അടിസ്ഥാനത്തിൽ | ബ്ലോക്കിലെ രണ്ടോ അതിലധികമോ പാടശേഖരങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന അടിസ്ഥാന സൗകര്യ വികസന പ്രോജക്ടുകൾ ബ്ലോക്കു പഞ്ചായത്തിന്റെ പങ്കാളിത്തത്തോടെ നടപ്പിലാക്കുന്നു. |
| 7) | ഉൽപാദന ബോണസ് | 400 രൂപ /ഏക്കർ / സീസൺ | നെൽകൃഷിക്കാർ കൃഷി ഭവനിൽ അപേക്ഷ സമർപ്പിച്ച് ബോണസ് കൈപ്പറ്റാവുന്നതാണ്. |
| 8) | റോയൽറ്റി | 2000 രൂപ/ഹെക്ടർ | നെൽകൃഷിയ്ക്ക് യോഗ്യമായ നെല്പാടങ്ങളുടെ ഉടമകൾക്ക് റോയൽറ്റി നൽകുന്നതിനുള്ള പദ്ധതി |
| 9) | സുഭിക്ഷകേരളം പദ്ധതിയ്ക്കായുള്ള അധിക ധനസഹായം - തരിശുഭൂമിയിൽ കൃഷി | 35000 രൂപ / ഹെക്ടർ കർഷകന് 5000 രൂപ /ഹെക്ടർഭൂകൃഷി ഉടമയ്ക്ക് | മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവർത്തികൾ ചെയ്യിട്ടില്ലാത്ത ഭൂമിയെ തരിശുഭൂമിയായി പരിഗണിയ്ക്കും. മൂന്ന് വർഷത്തിലധികമായി പൂർണമായി കൃഷിയ്ക്ക് |

| | | | |
|---|---|---|---|
| | | | ഉപയോഗിക്കാത്ത പുരയിടവും തരിശായി കണക്കാക്കി യഥാർത്ഥത്തിൽ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിക്കനുസൃതമായി ആനുപാതികമായി തരിശുനില കൃഷിയ്ക്കുള്ള ധനസഹായം നൽകാവുന്നതാണ്. തരിശുനില കൃഷിയ്ക്ക് ഒറ്റത്തവണ ആനുകൂല്യം നൽകുന്നതാണ്. എന്നാൽ തുടർ കൃഷി ചെയ്യുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. |
| **പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസനം** | | | |
| 1) | പരമ്പരാഗത വിളകളുടെ (ചെറു ധാന്യം) ഉൽപാദനം മുതൽ വിപണനം വരെ സഹായിക്കുന്നതിനായി അട്ടപ്പാടി ട്രൈബൽ വില്ലേജ് പ്രോഗ്രാം | 12000 രൂപ / ഹെക്ടർ കർഷകന് | |
| 2) | ഇടുക്കിയിൽ പരമ്പരാഗത ചെറുധാന്യ കൃഷി | 20000 രൂപ / ഹെക്ടർ കർഷകന് | |
| 3) | കരിമ്പ് കൃഷി വിസ്തൃതി വർദ്ധനവ് | 20000 രൂപ / ഹെക്ടർ കർഷകന് | |
| 4) | എള്ള് കൃഷി വിസ്തൃതി വർദ്ധനവ് | 10000 രൂപ / ഹെക്ടർ കർഷകന് | |
| 5) | തിരൂർവെറ്റില നിലവിലുള്ള കൃഷി പുനരുദ്ധാരണം | 1000 രൂപ / സെന്റ് കർഷകന് | |
| 6) | തിരൂർവെറ്റില പുതിയ കൃഷി , | 2000 രൂപ / സെന്റ് കർഷകന് | |
| 7) | രാമച്ചം | 10000 രൂപ / ഹെക്ടർ കർഷകന് | |
| 8) | വെളുത്തുള്ളി | 30000 രൂപ / ഹെക്ടർ കർഷകന് | |
| 9) | നിലക്കടല കൃഷി വിസ്തൃതി വർദ്ധനവ് | 20000 രൂപ / ഹെക്ടർ കർഷകന് | |
| 10) | സുഭിക്ഷ കേരളം പദ്ധതിയ്ക്കായുള്ള അധിക ധനസഹായം - തരിശുഭൂമിയിൽ കൃഷി | 27000 രൂപ / ഹെക്ടർ കർഷകന്<br>3000 രൂപ / ഹെക്ടർഭൂകൃഷി ഉടമയ്ക്ക് | |

| | | | |
|---|---|---|---|
| പച്ചക്കറി വികസന പദ്ധതി | | | |
| 1) | വിദ്യാർത്ഥികൾ, വീട്ടമ്മമാർ, കുടുംബങ്ങൾ എന്നിവർക്ക് പച്ചക്കറി വിത്ത് വിതരണം | 10 രൂപയുടെ പച്ചക്കറി വിത്ത് കിറ്റുകൾ സൌജന്യമായി നൽകുന്നു | വിദ്യാർത്ഥികൾ, വീട്ടമ്മമാർ, കുടുംബങ്ങൾ |
| 2) | മട്ടുപ്പാവിലെ പച്ചക്കറി കൃഷി പോട്ടിംഗ് മിശ്രിതം നിറച്ച 25 ഗ്രോബാഗുകളും പച്ചക്കറി തൈകളും അടങ്ങുന്ന യൂണിറ്റ് | 2000 രൂപയുടെ ഗ്രോബാഗ് യൂണിറ്റ് 75% സബ്സിഡി നിരക്കിൽ യൂണിറ്റ് ഒന്നിന് 500/- രൂപ വിലയ്ക്ക് | നഗര പ്രദേശങ്ങളിലെ നിവാസികൾക്ക് |
| 3) | മട്ടുപ്പാവിലെ പച്ചക്കറി കൃഷിക്ക് പുനരുദ്ധാരണ ചെലവ് | വിത്ത്, തൈകൾ, വളം എന്നിവ സൌജന്യമായി നൽകുന്നു | മുൻകാലങ്ങളിലെ പദ്ധതി ഗുണഭോക്താക്കൾക്ക് |
| 4) | വിദ്യാലയങ്ങളുടെ വളപ്പുകളിൽ പച്ചക്കറി കൃഷി | പ്രവർത്തന ചെലവ് ഉൾപ്പെടെ 5000/- രൂപ ധനസഹായം | തെരഞ്ഞെടുത്ത വിദ്യാലയങ്ങൾക്ക് |
| 5) | വിദ്യാലയങ്ങളിൽ പമ്പ്സെറ്റ് / കിണർ | ഒരു യൂണിറ്റിന് 10,000/- രൂപ | ജലസേചന സൗകര്യം ലഭ്യമല്ലാത്ത വിദ്യാലയങ്ങൾക്ക് ആവശ്യം കണക്കിലെടുത്ത് മാത്രം |
| 6) | സ്ഥാപനങ്ങളിലെ പച്ചക്കറി കൃഷി | കുറഞ്ഞത് 50 സെന്റ് കൃഷി ചെയ്യുന്നതിന് പ്രോജക്ട് അടിസ്ഥാനത്തിൽ പരമാവധി 2 ലക്ഷം രൂപ ധനസഹായം, അതിൽ കുറഞ്ഞ വിസ്തൃതിയുള്ള കൃഷിയ്ക്ക് ആനുപാതികമായ ധനസഹായം | സ്ഥലസൗകര്യമുള്ള സർക്കാർ സർക്കാരിതര സ്വകാര്യ സ്ഥാപനങ്ങൾക്ക്/ സന്നദ്ധ സംഘടനകൾക്ക് |
| 7) | ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി | ഹെക്ടറിന് 25,000 രൂപ പന്തൽ കൃഷിയ്ക്കും 20000 രൂപ പന്തൽ ഇല്ലാതെ ധനസഹായം. 5 ഹെക്ടർ കൃഷി ചെയ്യുന്ന ഒരു ക്ലസ്റ്ററിന് 1.0-1.25 ലക്ഷം രൂപ വരെ ധനസഹായം | ധനസഹായം വ്യാവസായിക അടിസ്ഥാനത്തിൽ 5 ഹെക്ടർ പച്ചക്കറി ചെയ്യുന്ന കർഷകരുടെ ക്ലസ്റ്ററുകൾക്ക് ഒരു തവണ ധനസഹായം ലഭിക്കുന്ന ക്ലസ്റ്ററുകൾ തുടർന്നുള്ള സീസണുകളിൽ സ്വന്തമായി തുടർന്നും പച്ചക്കറി കൃഷി ചെയ്യാൻ സന്നദ്ധമായിരിക്കണം. |
| 8) | സസ്യ സംരക്ഷണ ഉപകരണങ്ങൾ | 50% നിരക്കിൽ പരമാവധി 1500/- രൂപ ധനസഹായം | തെരഞ്ഞെടുത്ത ക്ലസ്റ്ററുകൾക്ക് |
| 9) | പമ്പ്സെറ്റ് | 50% സബ്സിഡി നിരക്കിൽ പരമാവധി 10,000/- രൂപയുടെ | പച്ചക്കറി ക്ലസ്റ്ററുകൾക്ക് / പൊതു ഉപയോഗത്തിന് നൽകുവാൻ സന്നദ്ധ ക്ലസ്റ്റർ അംഗങ്ങൾക്കും |

| | | | |
|---|---|---|---|
| | | ധനസഹായം (1.5 HP പമ്പ് സെറ്റുകൾക്ക്) | |
| 10) | സ്റ്റാഗേർഡ് ക്ലസ്റ്റർ | ഹെക്ടറിന് 25,000 രൂപ പന്തൽ കൃഷിയ്ക്കും 20000 രൂപ പന്തൽ ഇല്ലാതെ ധനസഹായം. | വ്യക്തികളായോ / ഗ്രൂപ്പ് അടിസ്ഥാനത്തിലോ കൃഷി ചെയ്യാവുന്നതാണ്. കുറഞ്ഞത് 25 സെന്റ് കൃഷി ചെയ്യണം. |
| 11) | എ ഗ്രേഡ് ക്ലസ്റ്ററുകൾക്ക് വികസന സഹായം | 'എ' ഗ്രേഡ് ക്ലസ്റ്ററുകൾക്ക് 6.30 ലക്ഷം രൂപ വീതം ധനസഹായം. കഴിഞ്ഞ വർഷങ്ങളിൽ തുടങ്ങിയ ക്ലസ്റ്ററുകൾക്ക്<br>1 ലക്ഷം രൂപ വീതം റിവോൾവിംഗ് ഫണ്ട് അനുവദിക്കും. | ക്ലസ്റ്ററിന്റെ മുൻവർഷ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി ഗ്രേഡിംഗ് നടത്തുന്നതാണ്. |
| 12) | ബ്ലോക്കുതല ഫെഡറേറ്റഡ് ഓർഗനൈസേഷനുകൾ (പച്ചക്കറി ക്ലസ്റ്ററുകളുടെ ഫെഡറേഷനുകൾ) | പുതിയ ബ്ലോക്കുതല ഫെഡറേറ്റഡ് ഓർഗനൈസേഷനുകൾ രൂപീകരിക്കുന്നതിന് 10 ലക്ഷം രൂപ വീതം ധനസഹായം.<br>മൂല്യവർദ്ധനവ്, വിപണനം എന്നിവയ്ക്കായി പ്രോജക്ട് അടിസ്ഥാനത്തിൽ വിനിയോഗിക്കും. | പ്രോജക്ട് അടിസ്ഥാനത്തിലാണ് സഹായം അനുവദിക്കുന്നത്. |
| 13) | മഴമറകൾ സ്ഥാപിക്കുന്നതിന് | 50,000/- രൂപ ധനസഹായം (100 സ്ക്വയർ മീറ്റർ) | ആകെ ചെലവിന്റെ 75% സഹായം നൽകുന്നതാണ്. |
| 14) | ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ | 75% സബ്സിഡി നിരക്കിൽ പരമാവധി 7500/- രൂപയുടെ ധനസഹായം | തുറന്ന സ്ഥലത്തെ കൃഷിക്കാണ് ധനസഹായം നൽകുന്നത്. |
| 15) | സുഭിക്ഷ കേരളം പദ്ധതിയ്ക്കായുള്ള അധിക ധനസഹായം - തരിശുഭൂമിയിൽ കൃഷി, മഴമറകൾ സ്ഥാപിക്കുന്നതിന് | 37000 രൂപ / ഹെക്ടർ കർഷകന് 3000 രൂപ/ ഹെക്ടർഭൂകൃഷി ഉടമയ്ക്ക്<br><br>50,000/- രൂപ ധനസഹായം (100 സ്ക്വയർ മീറ്റർ) | മൂന്ന് വർഷത്തിലധികമായി കാർഷിക പ്രവർത്തികൾ ചെയ്യിട്ടില്ലാത്ത ഭൂമിയെ തരിശുഭൂമിയായി പരിഗണിയ്ക്കും. മൂന്ന് വർഷത്തിലധികമായി പൂർണമായി കൃഷിയ്ക്ക് ഉപയോഗിക്കാത്ത പുരയിടവും തരിശായി കണക്കാക്കി യഥാർത്ഥത്തിൽ കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിസ്തൃതിക്കനുസൃതമായി ആനുപാതികമായി തരിശുനില കൃഷിയ്ക്കുള്ള ധനസഹായം നൽകാവുന്നതാണ്. തരിശുനില |

| | | | |
|---|---|---|---|
| | | | കൃഷിയ്ക്ക് ഒറ്റത്തവണ ആനുകൂല്യം നൽകുന്നതാണ്. എന്നാൽ തുടർ കൃഷി ചെയ്യുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. |
| | **തെങ്ങുകൃഷി പദ്ധതികൾ** | | |
| 1) | കേരഗ്രാമം | | |
| a) | ആദ്യ വർഷം | | |
| | എ) സംയോജിത തെങ്ങ് കൃഷി പരിപാലന മുറകളായ തടം തുറക്കൽ, കളനിയന്ത്രണം, പുതയിടൽ, തൊണ്ടടുക്കൽ, കുമ്മായ വസ്തുക്കൾ, മഗ്നീഷ്യം സൾഫേറ്റ്, ജൈവരാസവളങ്ങൾ, ജീവാണുവളം, സസ്യസംരക്ഷണോപാധികൾ, ഇടവിള കൃഷി, രോഗബാധിതമായി ഉൽപാദനക്ഷമത കുറഞ്ഞ തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻതൈകൾ നടുക എന്നീ ഘടകങ്ങൾക്ക് മൊത്തമായി | 50% സബ്സിഡി<br>പരമാവധി 25,000/- രൂപ / ഹെക്ടർ | കേരഗ്രാമത്തിന്റെ യൂണിറ്റ് വിസ്തൃതി 250 ഹെക്ടറാണ് |
| | ബി) തെങ്ങ് കയറ്റ യന്ത്രങ്ങൾ | 50% സബ്സിഡി<br>പരമാവധി 2000/- രൂപ / യന്ത്രം | ഒരു കേരഗ്രാമത്തിന് പരമാവധി 60 എണ്ണം |
| | സി) ജലസേചന സൌകര്യങ്ങൾ വർദ്ധിപ്പിക്കൽ (കിണർ / പമ്പ്സെറ്റ്) | 50% സബ്ലിഡി<br>പരമാവധി 25,000 രൂപ / ഹെക്ടർ<br>യൂണിറ്റ് ഒന്നിന് പരമാവധി 10,000/- രൂപ | ഒരു കേരഗ്രാമത്തിന് പരമാവധി 21 ഹെക്ടർ<br>വ്യക്തിഗത ഗുണഭോക്താവിന് കുറഞ്ഞത് 50 സെന്റ് തെങ്ങ് കൃഷി ഉണ്ടായിരിക്കണം. |
| | ഡി) ജൈവവള യൂണിറ്റ് സ്ഥാപിക്കൽ (7.2 m x 1.2 m x 0.6 m) | 10,000/- രൂപ / യൂണിറ്റ് | ഒരു കേരഗ്രാമത്തിന് പരമാവധി 8 എണ്ണം |
| | ഇ) പഞ്ചായത്തുതല കേരസമിതി - പ്രോജക്ട് അടിസ്ഥാനത്തിലുള്ള കൂട്ടായ പ്രവർത്തനങ്ങൾക്ക് | 5 ലക്ഷം രൂപ / കേരഗ്രാമം | 250 ഹെക്ടർ ഭൂവിസ്തൃതിയുള്ള കേരഗ്രാമങ്ങൾക്ക് |
| b) | രണ്ടാം വർഷം | | |
| | എ) സംയോജിത തെങ്ങ് കൃഷി പരിപാലന | 19.75 ലക്ഷം രൂപ / കേരഗ്രാമം | |

| | | | |
|---|---|---|---|
| | മുറകൾക്കുള്ള ധനസഹായം | | |
| | ബി) പഞ്ചായത്തുതല കേരസമിതി - പ്രോജക്ട് അടിസ്ഥാനത്തിലുള്ള കൂട്ടായ പ്രവർത്തനങ്ങൾക്ക് | 20000/- രൂപ / കേരഗ്രാമം | |
| | സി) ഓപ്പറേഷണൽ സഹായം | 5850/- രൂപ / കേരഗ്രാമം | |
| c) | മൂന്നാം വർഷം | | |
| | സംയോജിത തെങ്ങ് കൃഷി പരിപാലന മുറകൾ - വള പ്രയോഗം | 6.25 ലക്ഷം രൂപ / കേരഗ്രാമം | |
| 2) | ഉയർന്ന ഉല്പാദനക്ഷമതയുള്ള കുറിയ/ പൊക്കംകുറഞ്ഞ മാതൃകാ നാളികേര ഫാമുകളുടെ വികസനം | | |
| | എ) പ്രൈമറി പ്ലോട്ട് | 47080/- രൂപ / ഹെക്ടർ | |
| | ബി) സെക്കണ്ടറി പ്ലോട്ട് | 38830/- രൂപ / ഹെക്ടർ | |
| 3) | ക്യാമ്പയിൻ അടിസ്ഥാനത്തിൽ തെങ്ങിൻ തോട്ടങ്ങളിൽ കീടരോഗ പരിപാലന പദ്ധതി | കേരസമിതികൾക്ക് 2/- രൂപ / തെങ്ങ് | കൂടുതൽ കായ്ഫലമുള്ളതും രോഗ കീട പ്രതിരോധശേഷിയുള്ളതുമായ മാതൃവൃക്ഷങ്ങളെ തെരഞ്ഞെടുക്കുന്നു. |
| | എ) ഹോട്ട്സ്പോട്ടുകൾ തിരിച്ചറിയുന്നതിനുള്ള വർക്ക്ഷോപ്പ് | 47080/- രൂപ / വർക്ക്ഷോപ്പ് | |
| | ബി) സംയോജിത കീടങ്ങളെ നിയന്ത്രിക്കുന്നതിനുള്ള സസ്യസംരക്ഷണ ഗ്രൂപ്പുകൾക്ക് പരിശീലനം | 25000/- രൂപ / പരിശീലനം | |
| | സി) ഇൻപുട്ടുകൾക്കുള്ള സഹായം | 17500/- രൂപ / ഹെക്ടർ | |
| | ഡി) മറ്റു ചിലവുകൾ | | |
| 4) | നാളികേര വികസന കൗൺസിലിന്റെ ഭാഗമായി സംസ്ഥാനത്തെ നാളികേര കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള പദ്ധതി - നാളികേര വികസന കൗൺസിൽ (മൂന്നാം വർഷം) | | |
| | a) കർഷകർക്കുള്ള തെങ്ങിൻ തൈ വിതരണം | | |

| | | | |
|---|---|---|---|
| | - WCT<br>- Hybrid<br>- Dwarf | 50/- രൂപ /തൈ<br>125/- രൂപ /തൈ<br>50 /- രൂപ /തൈ | ഓരോ വാർഡിലും 75 തൈകൾ വീതം കൃഷിഭവനുകൾ വഴി വിതരണം ചെയ്യുന്നു. |
| **സുഗന്ധ വ്യഞ്ജന വിളകളുടെ വികസനത്തിനുള്ള പദ്ധതികൾ** | | | |
| 1) | വികേന്ദ്രീകൃത കുരുമുളക് നഴ്സറികൾ (പ്രതിവർഷം 50000 വേരുപിടിപ്പിച്ച കുരുമുളക് വള്ളികൾ) സ്വയംസഹായ സംഘങ്ങൾ, വനിതാ ഗ്രൂപ്പുകൾ | 30,000/- രൂപ / നഴ്സറി | സ്വയം സഹായസംഘങ്ങൾ / വനിതാ ഗ്രൂപ്പുകൾ / യുവാക്കളുടെ ഗ്രൂപ്പുകൾ എന്നിവർക്കാണ് സഹായം അനുവദിക്കുന്നത്. |
| 2) | കുരുമുളക് തോട്ടങ്ങളുടെ പുനരുദ്ധാരണം | 10,000/- രൂപ / ഹെക്ടർ | ഉൽപാദനക്ഷമത കുറഞ്ഞ തോട്ടങ്ങളുടെ പുനരുദ്ധാരണമാണ് ലക്ഷ്യമിടുന്നത് |
| 3) | പുതിയ കുരുമുളക് തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് (വിസ്തീർണ്ണ വ്യാപനം) | 20,000/- രൂപ / ഹെക്ടർ (50% സബ്സിഡി) | ഉൽപാദനക്ഷമത കൂടിയ ഇനങ്ങൾ കൃഷി ചെയ്യുന്നു. ഭൂവിസ്തൃതിക്കനുസരിച്ച് ആനുകൂല്യം അനുവദിക്കുന്നതാണ്. |
| 4) | വിസ്തീർണ്ണ വ്യാപനം - ഇഞ്ചി / മഞ്ഞൾ | 12,500 രൂപ / ഹെക്ടർ (50% സബ്സിഡി) | ഉൽപാദനക്ഷമത കൂടിയ ഇനങ്ങൾ കൃഷി ചെയ്യുന്നു. ഭൂവിസ്തൃതിക്കനുസരിച്ച് ആനുകൂല്യം അനുവദിക്കുന്നതാണ്. |
| 5) | വിസ്തീർണ്ണ വ്യാപനം - ജാതി / ഗ്രാമ്പൂ | 20,000 രൂപ / ഹെക്ടർ (50% സബ്സിഡി) | ഉൽപാദനക്ഷമത കൂടിയ ഇനങ്ങൾ കൃഷി ചെയ്യുന്നു. ഭൂവിസ്തൃതിക്കനുസരിച്ച് ആനുകൂല്യം അനുവദിക്കുന്നതാണ്. |
| 6) | മണ്ണിന്റെ അമ്ലത്വം ക്രമീകരണത്തിനുള്ള കുമ്മായ വസ്തുക്കൾക്ക് സഹായം | 5400/- രൂപ / ഹെക്ടർ | മണ്ണ് പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ |
| 7) | സൂക്ഷ്മ മൂലകങ്ങൾക്കും സെക്കന്ററി മൂലകങ്ങൾക്കും ധനസഹായം | 500/- രൂപ / ഹെക്ടർ | മണ്ണ് പരിശോധനാ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ |
| 8) | സംയോജിത കീടരോഗനിയന്ത്രണം | 10,000/- രൂപ / ഹെക്ടർ | ജൈവ രോഗകീട നിയന്ത്രണ ഉപാധികൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്നു. |
| **ജൈവകൃഷിയും ഉത്തമ കാർഷികമുറകളും (ജി.എ.പി.)** | | | |

| | | | |
|---|---|---|---|
| 1) | ജൈവ പച്ചക്കറി കൃഷി | 10000/- രൂപ / ഹെക്ടർ | |
| 2) | ഇക്കോഷോപ്പുകളുടെ രൂപീകരണം | 2 ലക്ഷം രൂപ / ഇക്കോഷോപ്പ് | ജൈവകൃഷി ചെയ്യുന്ന കർഷക ഗ്രൂപ്പുകൾ |
| 3) | ജൈവ ഉൽപന്നങ്ങളുടെ പാക്കിംഗ്, ബ്രാൻഡിംഗ്, നേരിട്ടുള്ള വിൽപനയ്ക്കായി ക്ലസ്റ്ററുകൾക്ക് നൽകുന്നത് | 3 ലക്ഷം രൂപ / മുനിസിപ്പാലിറ്റി / കോർപ്പറേഷൻ | ജി.എ.പി. സർട്ടിഫിക്കേഷനുള്ള കർഷകഗ്രൂപ്പുകൾ |
| | **മണ്ണിന്റെ ആരോഗ്യ പരിപാലനവും ഉല്പാദനക്ഷമത ഉയർത്തലും** | | |
| 1) | സൂക്ഷ്മമൂലകങ്ങൾക്കും സെക്കന്ററി മൂലകങ്ങൾക്കുമുള്ള ധനസഹായം | 500 / ഹെക്ടർ | മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ |
| 2) | മണ്ണിന്റെ അമ്ലത്വം ഏകീകരിക്കുന്നതിനുള്ള മണ്ണ് പരിപോഷണ വസ്തുക്കൾക്കുള്ള ധനസഹായം | 5400 / ഹെക്ടർ | മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ |
| | **പയർ, കിഴങ്ങുവർഗ്ഗങ്ങളുടെ വികസനത്തിനുള്ള പദ്ധതി** | | |
| 1) | കിഴങ്ങുവർഗ്ഗങ്ങളുടെ നടീൽ വസ്തുക്കളുടെ ഉല്പാദനം | 20000/- രൂപ / ഹെക്ടർ | |
| 2) | ട്രൈബൽ പ്രദേശങ്ങളിൽ കിഴങ്ങുവർഗ്ഗങ്ങളുടെ നടീൽ വസ്തുക്കളുടെ ഉല്പാദനം | 20000/- രൂപ / ഹെക്ടർ | |
| 3) | പയർ വിളകളുടെ വിസ്തൃതി വ്യാപനം | 20000/- രൂപ / ഹെക്ടർ | |

| | | | |
|---|---|---|---|
| 4) | സുഭിക്ഷ കേരളം പദ്ധതി<br>• തരിശുനിലത്തിൽ പയർവർഗ്ഗ കൃഷി<br>• തരിശുനിലത്തിൽ കിഴങ്ങുവർഗ്ഗ കൃഷി<br>• കിഴങ്ങുവർഗ്ഗ ഇടവിള കൃഷി | 30000/- രൂപ / ഹെക്ടർ (കർഷകന് 27000/- രൂപ + ഭൂഉടമയ്ക്ക് 3000/- രൂപ)<br>30000/- രൂപ / ഹെക്ടർ (കർഷകന് 27000/- രൂപ + ഭൂഉടമയ്ക്ക് 3000/- രൂപ)<br>10000/- രൂപ / ഹെക്ടർ | |
| **കവുങ്ങ് കൃഷിക്കുള്ള പ്രത്യേക പാക്കേജ്** | | | |
| 1 | വിള സംരക്ഷണം<br>• സ്പ്രേയിങ്<br>• പവർ സ്പ്രേയർ വാങ്ങുന്നതിന് | 2000/- രൂപ / ഹെക്ടർ<br>10000/- രൂപ/- സ്പ്രേയർ | |
| 2 | രോഗബാധിത സസ്യങ്ങൾ മുറിക്കുന്നതിനും നീക്കം ചെയ്യുന്നതിനുമുള്ള സഹായം | 200/- രൂപ / എണ്ണം | |
| 3 | കവുങ്ങിൻ തോട്ടങ്ങളിലെ ഇടവിള കൃഷി പ്രോത്സാഹനം | 2500/- രൂപ / ഹെക്ടർ | |
| 4 | കവുങ്ങ് കൃഷി വിസ്തൃതി വ്യാപനം | 20/- രൂപ / തൈ | |
| 5 | കവുങ്ങിൻ തോട്ടങ്ങളുടെ പരിപാലനം | 10000/- രൂപ / ഹെക്ടർ | |
| **വയനാട് ജില്ലയിൽ കാർഷിക മേഖലയുടെ പുനരുജ്ജീവനം** | | | |
| 1 | കുരുമുളക് കൃഷിയുടെ വിസ്തൃതി വ്യാപനം | 20000/- രൂപ / ഹെക്ടർ | |
| 2 | ജാതി കൃഷിയുടെ വിസ്തൃതി വ്യാപനം | 50000/- രൂപ / ഹെക്ടർ | |
| 3 | മഞ്ഞൾ/ ഇഞ്ചി കൃഷിയുടെ വിസ്തൃതി വ്യാപനം | 12500/- രൂപ / ഹെക്ടർ | |

| | | | |
|---|---|---|---|
| 4 | സൂക്ഷ്മമൂലകങ്ങൾക്കും സെക്കന്ററി മൂലകങ്ങൾക്കുമുള്ള ധനസഹായം | 2000/- രൂപ / ഹെക്ടർ | |
| **പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധസസ്യങ്ങൾ എന്നിവയുടെ വികസനം** | | 1. വിസ്തൃതി വിപുലീകരണ പരിപാടികൾ, പരിപാലനം, വിളവെടുപ്പ്, ശീതീകരണ സംഭരണി, സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം, വിതരണശൃംഖലാ വികസനം എന്നിങ്ങനെ പഴകൃഷിയുടെ സമഗ്രമായ പ്രോത്സാഹനത്തിനും കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള എല്ലാ പരിപാടികളും ഈ പദ്ധതിയിലൂടെ പിന്തുണയ്ക്കും. തദ്ദേശീയ പഴങ്ങൾക്കു പുറമെ ലിച്ചി, റമ്പൂട്ടാൻ, അവക്കാഡോ, മാംഗോസ്റ്റിൻ തുടങ്ങി മറ്റ് ഉഷ്ണമേഖലാ-വിദേശീയ പഴങ്ങളുടെ പ്രചാരണത്തിനു ഊന്നൽ നൽകും. വീട്ടുവളപ്പിലെ കൃഷിയും വാണിജ്യ കൃഷിയും പ്രോത്സാഹിപ്പിക്കുന്നതാണ്. നടീൽ വസ്തുക്കൾ കൃഷി ഭവനിൽ ലഭ്യമാക്കും. വിത്ത് മുളപ്പിച്ചുള്ള തൈകൾ പൂർണമായും സൗജന്യമായും , ഗ്രാഫ്റ്റ് , ലയർ , ടിഷ്യു കൾച്ചർ തൈകൾ എന്നിവ 25 ശതമാനം ധനസഹായത്തോടെയും വിതരണം ചെയ്യും. അപേക്ഷ ഭൂമിയുടെ വിവരങ്ങളും രേഖയും സഹിതം കൃഷി ഭവനിൽ സമർപ്പിച്ചാൽ മതി. | |
| **വിള ആരോഗ്യ പരിപാലനം** | | 1. മൂഷികവർഗ്ഗത്തിൽപ്പെട്ട ജീവികളുടെ ശല്യം നിയന്ത്രിക്കുന്നതിനായി കൃഷി ഭവൻ മുഖേനെ വിവിധ സന്നദ്ധ സംഘടനകളുമായി സഹകരിച്ചു കർഷകർക്കു എലിനശീകരണത്തിനുള്ള നിയന്ത്രണ മാർഗ്ഗങ്ങൾ നൽകുന്നു. ക്യാമ്പയിൻ അടിസ്ഥാനത്തിലാണ് പ്രവർത്തനം നടക്കുക എന്നതിനാൽ വാർഡ് മെമ്പർ അധ്യക്ഷനായ സമിതിയായിരിക്കും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുക. ഈ സമിതിയുമായി ബന്ധപ്പെട്ടാൽ ആനുകൂല്യം ലഭിക്കും .<br><br>2. പക്ഷികളുടേയും വന്യജീവികളുടേയും ആക്രമണം തടയുന്നതിനു തുടർന്ന് വരുന്ന പ്രാദേശിക രീതികളെ പ്രോത്സാഹിപ്പിക്കുന്നതിനായും സംവിധാനങ്ങൾ ഏർപ്പെടുത്തിനായുള്ള പ്രവർത്തനങ്ങൾക്കായി കൃഷി ഭവനിൽ ബന്ധപ്പെട്ടാൽ വിശദമായ നിർദ്ദേശങ്ങൾ ലഭിക്കും | |
| **കാർഷിക സേവന കേന്ദ്രങ്ങളും, സേവന സംവിധാനവും** | | കാർഷിക സേവന കേന്ദ്രങ്ങളും കാർഷിക കർമ്മ സേനകളും യഥാക്രമം ബ്ലോക്ക് പഞ്ചായത്തു തലങ്ങളിലെ വിദഗ്ധ തൊഴിലാളികളാണ്. മിതമായ നിരക്കിൽ കർഷകർക്കാവശ്യമായ കാർഷിക സേവനങ്ങൾ ഇവർ വീട്ടു പടിക്കൽ എത്തിക്കുന്നു. വകുപ്പിനു കീഴിൽ പ്രവർത്തിക്കുന്ന കസ്റ്റം ഹയറിംഗ് സെന്ററുകൾ യന്ത്രങ്ങളുടേയും ഉപകരണങ്ങളുടേയും അറ്റകറ്റപ്പണിയും പരിപാലനവും നടത്തുന്നതിലൂടെ ഈ | |

| | |
|---|---|
| | പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നു. ഏകജാലക സംവിധാനത്തിലൂടെ സേവന വിതരണം കൃഷിക്കാരിലെത്തിക്കുന്നതിനു കാർഷിക മേഖലയിലെ സുസ്ഥിര സ്വാശ്രയ ഗ്രൂപ്പ് എന്ന നിലയ്ക്ക് കൃഷിശ്രീ ഈ മൂന്ന് ഏജൻസികളുടേയും സംയോജനം ഉറപ്പ് വരുത്തുന്നു. |
| **സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി** | **<u>പരിഷ്കരിച്ച സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി</u>**<br>22.03.2017 ലെ സ.ഉ. (എം.എസ്)നം.37/2017/കൃഷി ഉത്തരവ് പ്രകാരം സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് നടപ്പിലാക്കിവരികയാണ്. ഈ പദ്ധതി പ്രകാരം, കേരളത്തിലെ പ്രധാനപ്പെട്ട 25 കാർഷിക വിളകൾക്ക് (തെങ്ങ്, വാഴ, റബ്ബർ, കുരുമുളക്, കവുങ്ങ്, ഏലം, കശുമാവ്, കൈതച്ചക്ക, കാപ്പി, ഇഞ്ചി, തേയില, മരച്ചീനി, മഞ്ഞൾ, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയർ വർഗ്ഗങ്ങൾ കിഴങ്ങു വർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്)പരിരക്ഷ നൽകുന്നുണ്ട്. സർക്കാർ ഉത്തരവ് (കൈ)നം. 1192/2017/കൃഷി തീയതി 13.12.17 ലെ പ്രകാരം മാവ്, ചെറു ധാന്യങ്ങൾ (ചാമ, വരക്, തിന, പനിവരക്, കുതിരവാലി), എന്നീ വിളകൾക്കും വിള ഇൻഷ്വറൻസ് പദ്ധതിയിലൂടെ നഷ്ടപരിഹാരം നൽകി വരുന്നു.വാണിജ്യ പുഷ്പ കൃഷി, പപ്പായ ,കോലിഞ്ചി ,റംബൂട്ടാൻ ,പേര ,സപ്പോട്ട ,പാഷൻ ഫ്രൂട്ട് മുതലായ ചെറുഫലവിളകൾ ,ചേമ്പ് ,കാച്ചിൽ ,കൂർക്ക തുടങ്ങിയ കിഴങ്ങു വർഗ്ഗ വിളകൾ, തേനീച്ച കൃഷി,എന്നിവ കൂടി ഉൾപെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു .<br><br>വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, വന്യജീവി ആക്രമണം, ചുഴലിക്കാറ്റ്, ഇടിമിന്നൽ, കാട്ടു തീ എന്നീ പ്രകൃതിക്ഷോഭങ്ങൾക്കാണ് പദ്ധതി പ്രകാരം സംരക്ഷണം നൽകുന്നത്. 27.10.2017 ൽ സ.ഉ.(സാധാ)നം. 1066/2017/കൃഷി ഉത്തരവ് പ്രകാരം കോൾ നിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങൾ കൂടാതെ നെൽകൃഷിക്ക് സംസ്ഥാനത്തെവിടെയും കീട രോഗ ബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ 28.12.17 ലെ സ.ഉ.(കൈ)നം.167/ 2017/ കൃഷി ഉത്തരവ് പ്രകാരം വനഭൂമി വേർതിരിക്കുന്ന അജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വനപ്രദേശങ്ങളിൽ വനം വകുപ്പിന്റെ അനുമതിയോടു കൂടി കർഷകർ ചെയ്യുന്ന ഹ്രസ്വ/വാർഷിക വിളകൾ കൂടി വിള ഇൻഷ്വറൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>**<u>പദ്ധതിയിലെ പ്രധാന വ്യവസ്ഥകൾ</u>**<br>വിളകൾക്കുണ്ടാകുന്ന പൂർണ്ണ നാശത്തിന് മാത്രമേ ഇൻഷ്വറൻസ് ആനുകൂല്യത്തിന് അർഹതയുള്ളൂ. എന്നാൽ സ.ഉ.(സാധാ)നം.1198/ 2018/ കൃഷി |

| | |
|---|---|
| | തീയതി 12.12.2018 ലെ ഉത്തരവ് പ്രകാരം നെൽകൃഷിക്ക് നഷ്ടപരിഹാരം കണക്കാക്കുമ്പോൾ 50% ൽ അധികം നഷ്ടം ഉണ്ടായാൽ പൂർണ്ണ നഷ്ടമായി കണക്കാക്കി നഷ്ടപരിഹാരം നൽകാവുന്നതാണ്. എന്നാൽ ഇഞ്ചി, മഞ്ഞൾ, നിലക്കടല, എള്ള്, പച്ചക്കറികൾ, പയറു വർഗ്ഗങ്ങൾ, മരച്ചീനി, മറ്റു കിഴങ്ങു വർഗ്ഗങ്ങൾ, ഏലം, വെറ്റില എന്നീ വിളകൾക്കു ഇൻഷ്വർ ചെയ്ത വിസ്തൃതിയുടെ കുറഞ്ഞത് 10% എങ്കിലും നാശ നഷ്ടമുണ്ടായാൽ നഷ്ടപരിഹാരം ലഭിക്കും. |
| **പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനും കീടരോഗ ബാധ നിയന്ത്രണത്തിനുമുള്ള അടിയന്തിര പരിപാടി** | പ്രകൃതിക്ഷോഭം മൂലം ഇൻഷ്വർ ചെയ്യാത്ത വിളകളാണ് നഷ്ടപ്പെട്ടത് എങ്കിൽ സംസ്ഥാന വിഹിതവും (State share) കേന്ദ്രവിഹിതവും ചേർന്നുള്ള ആനുകൂല്യം കർഷകർക്ക് നൽകുന്നതാണ്. കൂടാതെ കൃഷിയിടത്തിൽ അടിഞ്ഞുകൂടിയ മണ്ണും ചെളിയും നീക്കം ചെയ്യുന്നതിനും ഉരുൾപൊട്ടി കൃഷിയിടം ഒലിച്ചുപോയി നഷ്ടം ഉണ്ടായതിനും, കേടുവന്ന പമ്പ്സെറ്റുകളുടെ അറ്റകുറ്റ പണികൾക്കും, ബണ്ടുകളുടെ പുനർനിർമ്മാണത്തിനും, കൃഷിയിടങ്ങളിലെ വെള്ളക്കെട്ട് മാറ്റുന്നതിനുമായി എസ് ഡി ആർ (State Disaster Response Fund - സംസ്ഥാന ദുരന്ത പ്രതികരണ ഫണ്ട്) ഫണ്ടിൽ നിന്നും നഷ്ടപരിഹാരം നൽകുന്നുണ്ട്.<br>പ്രകൃതി ക്ഷോഭ ദുരിതാശ്വാസ പദ്ധതിക്ക് (Contingency to meet natural calamities ) 2021-22 ൽ സർക്കാർ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 2015 മുതൽ ഈ പദ്ധതിക്ക് revenue ഫണ്ടിന് പുറമെ സംസ്ഥാന സർക്കാരും വിഹിതം നൽകി വരുന്നു.നാലു ഘടകങ്ങളാണ് ഈ പദ്ധതിയിലുള്ളത്.<br>1. കരുതൽ വിത്തിന്റെ ശേഖരം<br>പ്രകൃതിദുരന്തം ഉണ്ടാകുകയാണെങ്കിൽ വിതരണം ചെയ്യുന്നതിനായി നെല്ല് പച്ചക്കറി, പയറുവർഗ്ഗങ്ങൾ എന്നിവയുടെ വിത്തുകളുടെ ഒരു കരുതൽ ശേഖരം സൂക്ഷിക്കാറുണ്ട്. വിളനാശം സംഭവിക്കുന്ന കർഷകർക്ക് സൗജന്യമായി വിത്ത് വിതരണം ചെയ്യുന്നതായിരിക്കും. കേരളം സംസ്ഥാന വിത്ത് വികസന അതോറിറ്റിയെയാണ്(KSSDA) ഈ കരുതൽ വിത്ത് ശേഖരം സൂക്ഷിക്കുന്നതിനായി ചുമതലപ്പെടുത്തിയിരിക്കുന്നത്.<br>2. ബണ്ടുകൾ ശക്തിപ്പെടുത്തുകയും കേടുപാടുകൾ പരിഹരിക്കുകയും ചെയ്യുക<br>മട വീഴ്ചമൂലം നശിച്ച ബണ്ടുകൾ ശക്തിപ്പെടുത്തുന്നതിനും കേടുപാടുകൾ പരിഹരിക്കുന്നതിനും നിലവിലുള്ള ബണ്ടുകൾ ശക്തിപ്പെടുത്തുന്നതിനും വെള്ളം കയറിയ കൃഷിയിടെങ്ങളിൽ നിന്നും ചെളിയും മണ്ണും നീക്കം ചെയ്യുന്നതിനുമാണ് ഈ തുക വിനിയോഗിക്കുന്നത് .ഇത്തരം ജോലികൾ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പിലാക്കേണ്ടതാണ്.പഞ്ചായത്ത് തലത്തിൽ കൃഷി ഓഫീസറും ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടറും ആണ പദ്ധതി |

| | |
|---|---|
| | ഏകോപിപ്പിക്കുന്നത്. കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ തയാറാക്കിയ എസ്റ്റിമേറ്റിന് പ്രിൻസിപ്പൽ കൃഷിഓഫീസറിന്റെ അനുമതിയോടെ കൃഷി ഡയറക്ടർ ഭരണാനുമതി നൽകുന്നതാണ്.<br><br>3. <u>കീടരോഗബാധകൾ നിയന്ത്രണ വിധേയമാക്കുക</u><br>കീട രോഗ ബാധകൾ അനിയന്ത്രിതമായി ഉണ്ടാകുന്ന അവസരങ്ങളിൽ വിളയെ സംരക്ഷിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനാണ് ഈ ഘടകത്തിൽ തുക വകയിരുത്തിയിരിക്കുന്നത്. കീടരോഗ ബാധകൾ ഉണ്ടാകുന്ന സന്ദർഭത്തിൽ ജില്ലയിലെ പ്രിൻസിപ്പൽ കൃഷി ഓഫീസർ MDDT(MULTI DISCIPLINARY TEAM) -നെ വിവരം അറിയിക്കുകയും MDDT ടീം കൃഷിയിടം സന്ദർശിച്ചതിനു ശേഷം ഉചിതമായ നിയന്ത്രണ മാർഗ്ഗങ്ങൾ നിർദേശിക്കുകയും ചെയ്യുന്നു. അടിയന്തിര സന്ദർഭങ്ങളിലല്ലാതെ രാസവസ്തുക്കൾ ഉപയോഗിക്കുവാൻ പാടില്ല. നിയന്ത്രണോപാധികൾ നടപ്പിലാക്കുന്നതിനുള്ള മരുന്നുകളുടെ വില മരുന്ന് സ്പ്രേ ചെയ്യുന്നതിനുള്ള കൂലി എന്നിവയ്ക്ക് ഈ തുക വിനിയോഗിക്കാം.<br><br>4. <u>പ്രകൃതി ക്ഷോഭ ദുരിതാശ്വാസത്തിനുള്ള സംസ്ഥാന വിഹിതം</u><br>പ്രകൃതി ക്ഷോഭങ്ങളിൽ വിള നാശം സംഭവിക്കുന്ന കർഷകർക്ക് നഷ്ടപരിഹാരം നൽകി വരുന്നു.ഇതിനു കേന്ദ്ര ഗവൺമെന്റിന്റെ വിഹിതവും സംസ്ഥാന സർക്കാരിന്റെ വിഹിതവുംനൽകി വരുന്നു.കേന്ദ്ര ഗവണ്മെന്റ് പ്രകൃതി ക്ഷോഭ ദുരിതാശ്വാസമായി നൽകിയിരുന്ന തുകയിൽ ഗണ്യമായ കുറവ് വരുത്തിയതിന് തുടർന്ന് G.O (MS) No 182/2015/Agri ഉത്തരവ് പ്രകാരം 29/09/2015 മുതൽ സംസ്ഥാന സർക്കാർ വിഹിതം നൽകിവരുന്നു. ജില്ലകളിൽ നിന്നുള്ള ക്ലെയിമുകളുടെ അടിസ്ഥാനത്തിൽ തുക അനുവദിച്ചു വരുന്നു. |
| **മികച്ച പ്രവർത്തനം കാഴ്ച വച്ചവർക്കുള്ള അവാർഡ്** | വിവിധ കാർഷിക വൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് പ്രോത്സാഹനമെന്ന നിലയിൽ പ്രത്യേകം പ്രത്യേകം അവാർഡുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനായി സംസ്ഥാന തലത്തിൽ രൂപീകരിച്ച സമിതികൾ പരിശോധിച്ച് അവാർഡ് നിർണയിക്കും. തല്പരരായ കൃഷിക്കാർ കൃഷി ഭവനുമായി ബന്ധപ്പെട്ടാൽ മതി. |

# ഇതര സേവനങ്ങൾ

<table>
<tr><th>ക്രമ നം.</th><th>ഇനം</th><th>ധനസഹായം</th><th>പദ്ധതി</th></tr>
<tr><td>1</td><td>മണ്ണ് പരിശോധന<br>(കൃഷിഭവൻ മുഖേന)</td><td>സൗജന്യം</td><td>സംസ്ഥാന കൃഷി വകുപ്പ്</td></tr>
<tr><td>2</td><td>മണ്ണ് പരിശോധന (കർഷകർ നേരിട്ട്)</td><td>38 രൂപ/സാമ്പിൾ സൂക്ഷ്മമൂലകങ്ങൾ ഉൾപ്പെടെ 150/- രൂപ</td><td>സംസ്ഥാന കൃഷി വകുപ്പ്</td></tr>
<tr><td>3</td><td>മണ്ണ് പരിശോധന<br>(സഞ്ചരിക്കുന്ന മണ്ണ് പരിശോധനശാല)</td><td>സൗജന്യം</td><td>സംസ്ഥാന കൃഷി വകുപ്പ്</td></tr>
<tr><td>4</td><td>കാർഷികയന്ത്രങ്ങൾ</td><td>കുറഞ്ഞ തദ്ദേശ നിരക്കുകൾ</td><td>സംസ്ഥാന കൃഷി വകുപ്പ്</td></tr>
<tr><td>5</td><td>കേരളകർഷകൻ മാസിക അംഗത്വം</td><td>100 രൂപ/വർഷം</td><td>സംസ്ഥാന കൃഷി വകുപ്പ്</td></tr>
<tr><td>6</td><td>വിത്ത് ഗുണമേൻമ പരിശോധന</td><td>സൗജന്യം</td><td>സംസ്ഥാന കൃഷി വകുപ്പ്</td></tr>
<tr><td>7</td><td>മൂല്യവർദ്ധിത ഉത് പന്നങ്ങൾ നിർമിക്കുന്നതിന്</td><td>പ്രോജക്ടിന്റെ 30%, പരമാവധി 10 ലക്ഷം രൂപ</td><td>സംസ്ഥാന കൃഷി വകുപ്പ്</td></tr>
<tr><td>8</td><td>ഹൈ ടെക് കൃഷി രീതികൾ</td><td>കേന്ദ്ര പദ്ധതിയായ പ്രധാന മന്ത്രി കൃഷി സിഞ്ചായി യോജന പ്രകാരം കണികാ ജലസേചനം പദ്ധതിയിൽ ആനുകൂല്യം ലഭിക്കുന്ന കർഷകർക്ക് 25 ശതമാനം ധനസഹായം അധികമായി നൽകുന്ന പദ്ധതിയാണിത്. ഇതിനുള്ള അപേക്ഷ കൃഷി ഭവനിൽ സമർപ്പിച്ചാൽ മതി.</td><td></td></tr>
<tr><td>9</td><td>ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ</td><td>നിലവിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കുന്ന ധനസഹത്തിനുപരിയായി സംസ്ഥാന സർക്കാർ നൽകുന്ന വിഹിതം
<table>
<tr><th></th><th>ജനറൽ</th><th>SC/ST</th></tr>
<tr><td>2 $M^3$ – 6 $M^3$</td><td>8000/-</td><td>9000/-</td></tr>
</table>
</td><td>സംസ്ഥാന കൃഷി വകുപ്പ്</td></tr>
</table>

**സെക്ഷൻ ഓഫീസർ**

അനുബന്ധം (എ)

| ക്രമ നം. | പദ്ധതിയുടെ പേര് |
|---|---|
| 1. | **മിഷൻ ഓൺ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ (MIDH)**<br><br>നഴ്സറി നിർമ്മാണം, ടിഷ്യു കൾച്ചർ തൈ ഉത്പാദനം, പച്ചക്കറി വിത്തുത്പാദനം, ഫലവർഗ കൃഷി വ്യാപനം, പുഷ്പകൃഷി വ്യാപനം, സുഗന്ധവിള വ്യാപനം, തോട്ടവിള വ്യാപനം, കൂൺ കൃഷി, ജലസംഭരണ പരിപാലന സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ, പ്ലാസ്റ്റിക് ഉപയോഗിച്ചുള്ള നൂതന കൃഷി രീതികൾ, ജൈവ കൃഷി പ്രോത്സാഹനം, ജൈവവള ഉത്പാദനം, സംയോജിത കീടരോഗ നിയന്ത്രണം, തോട്ടകൃഷി യന്ത്രവൽക്കരണം, കാർഷികസംസ്കരണവും മൂല്യവർധനവും, വിപണന സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ തുടങ്ങിയവയാണ് ഈ പദ്ധതിയിൽ ധനസഹായം നല്കാൻ വിഭാവനം ചെയ്തിരിക്കുന്നത്. ഓരോ വിളകൾക്കും ഘടകങ്ങൾക്കും പ്രത്യേക ആനുകൂല്യ നിരക്കാണ് നിശ്ചയിച്ചിട്ടുള്ളത്. ഇത് കൂടാതെ പ്രൊജക്ട് അടിസ്ഥാനത്തിലും ആനുകൂല്യം ലഭിക്കും. പ്രൊജക്ട് അംഗീകാരം സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ ആണ് നൽകേണ്ടത്. ആനുകൂല്യത്തിനായുള്ള അപേക്ഷ സമർപ്പിച്ച കൃഷി ഭവനിൽ നിന്നും അനുമതി ലഭിക്കുന്നതോടെ കാർഷിക പ്രവർത്തനം ആരംഭിക്കാവുന്നതാണ് കൃഷി പൂർത്തീകരിക്കുന്നതോടെ ഇത് സംബന്ധിച്ച വൗച്ചറുകൾ, ബില്ലുകൾ, ഫോട്ടോ, ആധാർ, ബാങ്ക് പാസ്സ്ബുക്കിന്റെ പകർപ്പ് എന്നിവ കൃഷി ഭവനിൽ നൽകുന്നതോടെ അർഹമായ ധനസഹായം അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടും. കാർഷികാധിഷ്ഠിത സംരംഭങ്ങൾ തുടങ്ങുന്നതിനു ബന്ധപ്പെട്ട ഉദ്യോഗസ്ഥനുമായി ഉടമ്പടി വച്ച്, സംരംഭത്തിനാവശ്യമായ അടിസ്ഥാന സൗകര്യം ഒരുക്കി, ആവശ്യമായ അനുമതികളെല്ലാം വാങ്ങുകയും നിബന്ധനകൾ പാലിക്കുകയും ചെയ്തു, പദ്ധതി പുരോഗതിയുടെ അടിസ്ഥാനത്തിൽ ധനസഹായം ഘട്ടം ഘട്ടമായി ലഭിക്കുന്നതാണ്. യന്ത്രസാമഗ്രികളും, നവീന ഉത്പന്നങ്ങളും കർഷകർ സ്വന്തമായി വാങ്ങി സ്ഥാപിക്കേണ്ടതാണ്. |
| 2. | **രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY)**<br><br>കാർഷിക വികസനത്തിനായുള്ള വിവിധ പ്രൊജക്ടുകൾ തയ്യാറാക്കി State Level Sanctioning Committee-ക്കു സമർപ്പിച്ച്, അംഗീകാരം വാങ്ങി, പ്രോജക്ടിൽ പറയുന്ന മാനദണ്ഡങ്ങളും, നിബന്ധനകളും പാലിച്ചു പദ്ധതി ബന്ധപ്പെട്ട ഏജൻസി നടപ്പാക്കും. കാർഷിക മേഖലയിൽ അടിസ്ഥാന സൗകര്യം വികസിപ്പിക്കുന്നതിനായുള്ള ഈ പദ്ധതിയിൽ സംസ്ഥാനത്തിന് കൂടുതൽ സ്വാതന്ത്ര്യം ലഭിക്കുന്ന ഒരു സംവിധാനമാണ് നിലവിലുള്ളത്.<br>ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് കോഴിക്കോട് ജില്ലയിലെ കപ്പള്ളി നെടുങ്കണ്ടി പാടശേഖരത്തിലെ അടിസ്ഥാന സൗകര്യ വികസനം എന്ന പദ്ധതിയാണ് നിലവിൽ നടപ്പിലാക്കി വരുന്നത്. ആയതിൽ പൊതു പ്രവർത്തനങ്ങളായ കുളങ്ങളുടെ നവീകരണം, വി.സി.ബി. നിർമ്മാണം, ഡൈവർഷൻ ചാലുകളുടെ നിർമ്മാണം എന്നിവ 100% സബ്സിഡിയോടുകൂടി നടപ്പിലാക്കി വരുന്നു. |

| | |
|---|---|
| | |
| 3. | **സബ് മിഷൻ ഓൺ അഗ്രിക്കൾച്ചർ മെക്കനൈസേഷൻ (SMAM)**<br><br>കാർഷിക മേഖലയിൽ ആവശ്യമായ യന്ത്ര സാമഗ്രികൾ വാങ്ങുന്നതിന് വ്യക്തികൾക്കും, ഗ്രൂപ്പുകൾക്കും ധനസഹായം ലഭിക്കുന്നതിനും യന്ത്ര സാമഗ്രികളുടെ കസ്റ്റം ഹയറിങ് സെന്ററുകൾ(CHC) സ്ഥാപിക്കുന്നതിനും അപേക്ഷ ഓൺലൈൻ ആയി agrimachinery.nic.in എന്ന പോർട്ടലിൽ സമർപ്പിക്കേണ്ടതുണ്ട്. പദ്ധതി പ്രകാരമുള്ള ധനസഹായം യന്ത്രങ്ങളുടെ ഭൗതിക പരിശോധനയും, ബില്ലുകൾ ഓൺലൈൻ ആയി സമർപ്പിക്കുന്നതോടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടും. |
| 4. | **നാഷണൽ ഫുഡ് സെക്യൂരിറ്റി മിഷൻ (NFSM)**<br><br>പദ്ധതി പ്രകാരം നെൽകൃഷി, പയർ വർഗ്ഗ കൃഷി എന്നിവയ്ക്കുള്ള ധനസഹായം, ഉല്പാദനോപാധികൾക്കുള്ള സഹായം, പമ്പുസെറ്റ്, സ്പ്രേയർ, പൈപ്പ്ലൈൻ, കാർഷിക പ്രദർശനത്തോട്ടം എന്നിവയ്ക്കായി ധനസഹായം ലഭിക്കുന്നതിന് ബാങ്ക് പാസ് ബുക്കിന്റെ പകർപ്പ്, ആധാർ കാർഡിന്റെ പകർപ്പ് എന്നിവ സഹിതം കൃഷി ഭവനിൽ അപേക്ഷ നൽകാം. അനുമതി ലഭിക്കുന്നതോടെ ബില്ലുകൾ, വൗച്ചറുകൾ എന്നിവ കൃഷി ഭവനിൽ സമർപ്പിച്ച് ധനസഹായം അക്കൗണ്ടിലൂടെ കൈപ്പറ്റാം. ഈ പദ്ധതി എൻ. എഫ്.എസ്.എം പദ്ധതിക്കായി തെരെഞ്ഞെടുത്ത ജില്ലകളിൽ മാത്രമേ ലഭ്യമാകുകയുള്ളൂ. |
| 5. | **സബ് മിഷൻ ഓൺ അഗ്രോ ഫോറസ്റ്ററി (SMAF)**<br><br>കാർഷികവനവൽക്കരണത്തിനാവശ്യമായ നഴ്സറി നിർമാണത്തിനും, വനവൽക്കരണത്തിനുള്ള വിവിധ ശൈലിയിലുള്ള വൃക്ഷത്തൈനടീൽ എന്നിവയ്ക്കുള്ള ധനസഹായം ലഭിക്കുന്നതിന് കൃഷി ഭവനിലോ ഗ്രാമപഞ്ചായത് ഓഫീസിലോ അക്കൗണ്ട് രേഖകൾ, ഭൂമിയുടെ രേഖകൾ എന്നിവ സഹിതം അപേക്ഷ നൽകാവുന്നതാണ്. നഴ്സറിക്കുള്ള അടിസ്ഥാന സൗകര്യങ്ങളും, സാങ്കേതിക സഹായവും ഗുണഭോക്താവ് കണ്ടെത്തണം. |
| 6. | **സബ് മിഷൻ ഓൺ അഗ്രിക്കൾച്ചർ എക്സ്റ്റൻഷൻ (SMAE)**<br><br>അഗ്രിക്കൾച്ചറൽ ടെക്നോളജി മാനേജ്മെന്റ് ഏജൻസി (ATMA) പദ്ധതിയുടെ ഭാഗമായി വിവിധ പ്രദർശന തോട്ടങ്ങൾ ഒരുക്കുന്നതിനും, കാർഷിക സങ്കേതങ്ങൾ അടിസ്ഥാനമാക്കിയുള്ള വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി കൃഷി ഭവനിൽ ഭൂമിയുടെ രേഖകൾ, ബാങ്ക് അക്കൗണ്ട് രേഖകൾ എന്നിവ സഹിതം കൃഷി ഭവനിൽ അപേക്ഷ സമർപ്പിക്കുക. പരിശീലനം , പഠനയാത്രകൾ എന്നിവ സംബന്ധിച്ച വിവരങ്ങളും ഇവിടുന്ന ലഭിക്കും. |

| | |
|---|---|
| 7. | **നാളികേര വികസന ബോർഡ് പദ്ധതികൾ (CDB)**<br><br>നാളികേര വികസന ബോർഡ് പദ്ധതികൾ കൃഷി ഭവനിൽ ബാങ്ക് അക്കൗണ്ട് രേഖകൾ സഹിതം ഭൂമിയുടെ രേഖകൾ സമർപ്പിച്ച ശേഷം ലഭ്യമാവും. തെങ്ങു കൃഷി പുനരുജ്ജീവനം, പ്രദർശന തോട്ടം, തെങ്ങിന് ഇൻഷുറൻസ്, ജൈവവള ഉല്പാദന യൂണിറ്റ് എന്നീ ഘടകങ്ങൾക്കായി അപേക്ഷ സമർപ്പിക്കാം. ഉല്പാദനോപാധികൾ, ജൈവവള നിർമാണ യൂണിറ്റ് എന്നിവ കർഷകൻ സ്വന്തം നിലയിൽ കണ്ടെത്തുകയോ നിർമ്മിക്കുകയോ ചെയ്തു ഇൻവോയ്സ് ബില്ലുകൾ സഹിതം കൃഷിഭവനിൽ സമർപ്പിച്ചാൽ ധനസഹായം അക്കൗണ്ടിലേക്കു നിക്ഷേപിക്കുന്നതാണ്. |
| 8. | **പരമ്പരാഗത് കൃഷി വികാസ് യോജന (PKVY)**<br>ക്ലസ്റ്റർ അടിസ്ഥാനത്തിൽ ജൈവകൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും, ഉത്പന്നങ്ങൾക്ക് പാർട്ടിസിപേറ്ററി ഗ്യാരന്റി സ്കീം പ്രകാരം ജൈവ സർട്ടിഫിക്കേഷൻ ലഭിക്കുന്നതിനും വേണ്ടി ഉള്ള പദ്ധതി ആണ് പരമ്പരാഗത കൃഷി വികാസ് യോജന. കൃഷി ഭവൻ മുഖേന ഒരു പ്രദേശത്തെ ഇരുപതു ഹെക്ടറിൽ കൃഷി ചെയ്യുന്ന കർഷകരെ ഒരു ക്ലസ്റ്റർ ആയി രജിസ്റ്റർ ചെയ്തു, ജൈവ കൃഷി പരിശീലനം, ജൈവ കൃഷി രീതികൾ അവലംബിക്കൽ, ജൈവ സെർറ്റിഫിക്കേഷൻ എന്നിവ ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നു. |
| 9. | **ഭാരതീയ പ്രാകർതിക് കൃഷി പദ്ധതി (BPKP)**<br><br>ബീജാമൃതവും, ജീവാമൃതവും അടിസ്ഥാനമാക്കി പ്രകൃതി കൃഷി ക്ലസ്റ്റർ അടിസ്ഥാനത്തിൽ പ്രോത്സാഹിപ്പിച്ചു ഉല്പാദനോപാധികളുടെ ഉപയോഗം കുറയ്ക്കുന്നതിനും, മണ്ണിന്റെ ഫലഭൂയിഷ്ഠത വർധിപ്പിക്കുന്നതിനും, സുരക്ഷിതമായ ഭക്ഷ്യോത്പാദനത്തിനും വേണ്ടിയുള്ള പദ്ധതിയാണ് ഇത്. ക്ലസ്റ്റർ അടിസ്ഥാനത്തിലാണ് പദ്ധതി പ്രവർത്തനം നടത്തുന്നത്. അപേക്ഷ കൃഷി ഭവൻ മുഖേനെ സമർപ്പിക്കാവുന്നതാണ്. ആനുകൂല്യങ്ങൾ ബാങ്ക് അക്കൗണ്ടിലേക്കു നൽകുന്നു. |
| 10. | **പ്രധാന മന്ത്രി കൃഷി സിഞ്ചായീ യോജന (PMKSY)**<br><br>2015-16 വർഷം തയ്യാറാക്കിയ ജില്ലാ ജലസേചന പ്ലാനിന്റെ അടിസ്ഥാനത്തിൽ പെർ ഡ്രോപ്പ് മോർ ക്രോപ് (മൈക്രോ ഇറിഗേഷൻ/ സൂക്ഷ്മ ജലസേചന പദ്ധതി), പെർ ഡ്രോപ്പ് മോർ ക്രോപ് (അദർ ഇന്റർവെൻഷൻസ്) എന്നീ വിഭാഗത്തിലായി ജലസേചന പദ്ധതികൾ ഏറ്റെടുത്തു നടത്തുന്ന പരിപാടിയാണിത്. കൃഷി, ജലസേചനം ഗ്രാമവികസന വകുപ്പുകൾ മുഖേനയാണ് ഈ പദ്ധതികൾ നടപ്പാക്കുന്നത്. വ്യക്തിഗത ഗുണഭോക്താക്കൾക്ക് പമ്പ്സെറ്റ്, കണിക ജലസേചനം, ജലസ്രോതസ്സ് നിർമ്മാണം എന്നിവയ്ക്ക് ധനസഹായം ലഭിക്കും. പദ്ധതി പ്രകാരം ചെയ്യുന്ന വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള എല്ലാ ഘടകങ്ങളും മൈക്രോ ഇറിഗേഷൻ എന്ന തത്വത്തിൽ അടിസ്ഥിതമായിരിക്കണം. |
| 11. | **ദേശിയ ബയോഗ്യാസ് വികസന പദ്ധതി (NNBOMP)**<br><br>ഗാർഹികാവശ്യത്തിനുള്ള ബയോഗ്യാസ് യൂണിറ്റ് നിർമാണത്തിന് ധനസഹായം ലഭിക്കുന്ന ഈ പദ്ധതിയിൽ കൃഷി ഭവനിൽ അപേക്ഷ സമർപ്പിച്ചു ടേൺ കീ ഏജൻറ് മുഖാന്തിരം യൂണിറ്റ് പണിതു സബ്സിഡി കൈപ്പറ്റാം. ബാങ്ക് അക്കൗണ്ട് രേഖകളും ഭൂമിയുടെ കൈവശ രേഖയും നിർബന്ധമാണ്. |

| | |
|---|---|
| 12. | **പ്രധാന മന്ത്രി കിസാൻ സമ്മാൻ നിധി (PM-KISAN)**<br><br>പ്രധാന മന്ത്രി കിസാൻ സമ്മാൻ നിധി പ്രകാരം കർഷകർ കൈവശ ഭൂമിയുടെ രേഖകളും, ബാങ്ക് അക്കൗണ്ടിന്റെ രേഖകളും, ആധാർ കാർഡും സഹിതം കൃഷി ഭവനിൽ അപേക്ഷ സമർപ്പിച്ചാൽ, അർഹരായ കർഷകർക്ക് പ്രതി വര്ഷം 6000 രൂപ അവരുടെ അക്കൗണ്ടിലേക്കു ലഭ്യമാക്കും. |
| 13. | **സോയിൽ ഹെൽത്ത് കാർഡ് (SHC)**<br><br>കേന്ദ്രാവിഷ്കൃത സോയിൽ ഹെൽത്ത് കാർഡ് പദ്ധതിയിൽ കർഷകരുടെ കൃഷി ഇടങ്ങളിലെ മണ്ണ് സാമ്പിളുകൾ പരിശോധിച്ച് മണ്ണിന്റെ രാസ ഭൗതിക സ്വഭാവങ്ങളുടെയും ശാസ്ത്രീയ വളപ്രയോഗ ശിപാർശകളുടെയും ആധികാരിക രേഖയായ സോയിൽ ഹെൽത്ത് കാർഡുകൾ കർഷകർക്ക് വിതരണം ചെയ്തു വരുന്നു. മണ്ണ് പരിശോധന നടത്തി സോയിൽ ഹെൽത്ത് കാർഡുകൾ തികച്ചും സൗജന്യമായാണ് കർഷകർക്ക് നൽകി വരുന്നത്. ആധാർ കാർഡ് നിർബന്ധമാണ്. പരിശോധനയുടെ അടിസ്ഥാനത്തിൽ പ്രദർശന കൃഷിക്കുള്ള ആനുകൂല്യവും ലഭിക്കുന്നതാണ്. |
| 14. | **പ്രധാന മന്ത്രി ഫസൽ ഭീമ യോജന (PMFBY)**<br><br>അഗ്രികൾച്ചറൽ ഇൻഷുറൻസ് കമ്പനിയുമായി സഹകരിച്ചു കൊണ്ട് കേന്ദ്ര സംസ്ഥാന സർക്കാർ വിഹിതമുപയോഗിച്ചു കൊണ്ടുള്ള ഒരു വിള ഇൻഷുറൻസ് പരിപാടിയാണിത്. കാർഷിക ലോണുമായി ബന്ധപ്പെടുത്തിയും അല്ലാതെയും പദ്ധതിയിൽ അംഗമാവാം. അപേക്ഷ ഓൺലൈനായി ബാങ്ക് അക്കൗണ്ട് രേഖയും, കൈവശഭൂമി / പാട്ടഭൂമി രേഖ, ആധാർ പകർപ്പ് സഹിതം സമർപ്പിക്കാം. പ്രീമിയം അഗ്രിക്കൾച്ചർ ഇൻഷുറൻസ് കമ്പനിയിൽ ലഭിച്ചാൽ ഇൻഷുറൻസ് പരിരക്ഷ ലഭിക്കും. |

**സെക്ഷൻ ഓഫീസർ**